"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യപൊതുവിതരണവകുപ്പ് - വിവിധ മതവിഭാഗത്തിൽപ്പെട്ട റേഷൻകട ലൈസെൻസികൾക്കു തീർത്ഥാടനം, ജോലി ആവശ്യാർത്ഥമല്ലാത്ത വിദേശസന്ദർശനം, ചികിത്സ തുടങ്ങിയവ നടത്തുന്നതിന് അവധി അനുവദിക്കുന്നതു- വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.248/2023/F&CS തീയതി,തിരുവനന്തപുരം, 16-06-2023

പരാമർശം:-
1. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (സിസ്റ്റം) കൺട്രോൾ ഓർഡർ, 2021
2. 02.05.2022-ലെ സ.ഉ(സാധാ)നം.153/2022/ഭ.പൊ.വി.വ
3. 03 -06 -2023 ൽ ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന റേഷൻ വ്യാപാരിസംഘടനകളുടെ യോഗതീരുമാനം.

## ഉത്തരവ്

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (സിസ്റ്റം) കൺട്രോൾ ഓർഡർ, 2021-ന്റെ ഖണ്ഡിക 44 പ്രകാരം ഞായറാഴ്ചകളും അംഗീകൃത അവധി ദിവസങ്ങളുമാണ് നിലവിൽ റേഷൻ വ്യാപാരികൾക്ക് അവധിയായി അനുവദിച്ച് വരുന്നത്. വിവിധ മതവിഭാഗത്തിൽപ്പെട്ട റേഷൻകട ലൈസെൻസികൾക്കു തീർത്ഥാടനങ്ങളുൾപ്പടെ ജോലി ആവശ്യാർത്ഥമല്ലാതെ വിദേശ സന്ദർശനം നടത്തുന്നതിന് അവധി അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (2)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട റേഷൻ കടയുടെ ലൈസൻസ് ജില്ലാ സപ്ലൈ ഓഫീസർ സസ്പെന്റ് ചെയ്യുന്ന നടപടി മൂലം ലൈസൻസി അവമതിപ്പ് ഇരയാകുന്നുവെന്നും, ഇക്കാലയളവിലെ വരുമാനം മറ്റൊരു എ.ആർഡി.യിലേയ്ക്ക് പോകുന്നത് യഥാർത്ഥ ലൈസൻസിക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്നും ആയതിനാൽ ടി ഉത്തരവ് പരിഷ്കരിക്കണമെന്നും കാണിച്ച് റേഷൻ വ്യാപാരികൾ സർക്കാർ മുൻപാകെ നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് വിവിധ മതവിഭാഗത്തിൽപ്പെട്ട ലൈസെൻസികൾക്കു തീർത്ഥാടനം, ചികിത്സ, മറ്റേതെങ്കിലും ആവശ്യാർത്ഥം റേഷൻകട നടത്തിപ്പിൽ നിന്ന് മാറിനിൽക്കേണ്ടി വരുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരെ പ്രസ്തുത ആവശ്യം രേഖാമൂലം ബോധ്യപ്പെടുത്തിക്കൊണ്ട്, അംഗീകൃതസെയിൽസ്മാന്റെ ഉത്തരവാദിത്തത്തിൽ റേഷൻകട മുടക്കം കൂടാതെ നടത്തുന്നതാണെന്നും ടി എ.ആർ.ഡി-യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ലൈസെൻസിയായിരിക്കും പരിപൂർണ്ണ ഉത്തരവാദി എന്നുമുള്ള സത്യവാങ്മൂലം ലൈസെൻസിയിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് പരമാവധി 60 ദിവസം അവധി അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ മജീദ് കക്കോട്ടിൽ
അഡിഷണൽ സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം

3.എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും താലൂക്ക് സപ്ലൈ /സിറ്റി റേഷനിംഗ് ഓഫീസർമാർക്കും (പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തിരം)

4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി- IIന്റെ പി.എ.യ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്